⇨ ആകെ ജനസംഖ്യയുടെ 1.45 ശതമാനം മാത്രമാണ് പട്ടിക വർഗ്ഗ വിഭാഗക്കാരുള്ളത് ⇨

# വനാവകാശ നിയമം: എന്താണ് കേരളത്തിലെ സ്ഥിതി?

2006ൽ നിലവിൽ വന്ന വനാവകാശ നിയമത്തിന്റെ നടപ്പിലാക്കലുമായി ബന്ധപ്പെട്ട് കേരളത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ എങ്ങനെയാണ് നിയമത്തിന്റെ അന്തഃസത്തയെ നശിപ്പിക്കുന്നതെന്ന് വിലയിരുത്തിയ

**തെളിവെടുപ്പ് സമിതി റിപ്പോർട്ട്**

**ആദിവാസി** സമൂഹങ്ങൾ നേരിടുന്ന ചരിത്രപരമായ അനീതികൾക്ക് വിരാമമിടുക എന്ന ലക്ഷ്യത്തോടെയാണ് കേന്ദ്ര വനാവകാശ നിയമം 2006 യാഥാർത്ഥ്യമാകുന്നത്. വനാവകാശ നിയമത്തിലെ പ്രധാനപ്പെട്ട രണ്ട് ഘടകങ്ങളായ സാമൂഹിക വനാവകാശവും സാമൂഹിക വനവിഭവ അവകാശവും അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ടാണ് ഈ നിയമ നിർവ്വഹണത്തിലെ പ്രധാന വെല്ലുവിളികൾ നിലനിൽക്കുന്നത്. പത്ത് വർഷം പൂർത്തിയാകുമ്പോൾ പങ്കാളിത്ത ജനാധിപത്യത്തിന്റെയും തദ്ദേശീയ സമൂഹങ്ങളെ ഉൾക്കൊണ്ടുകൊണ്ടുള്ള വനസംരക്ഷണത്തിന്റെയും ആദിവാസി ജനതയ്ക്ക് നീതി ഉറപ്പാക്കുന്നതിന്റെയും കാര്യത്തിൽ ഏറെ മുന്നോട്ടുപോകാൻ വനാവകാശ നിയമത്തിന്റെ നടപ്പിലാക്കലിലൂടെ കഴിഞ്ഞിട്ടുണ്ട്. സാമൂഹിക വനാവകാശവും സാമൂഹിക വനവിഭവാവകാശവും അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങളാണ് വനാവകാശ നിയമം പൂർണ്ണമായും നടപ്പിലാക്കുന്നതിന് ഇപ്പോഴും തടസ്സമായിത്തീരുന്നത്. വനാവകാശ നിയമപ്രകാരം അംഗീകാരം ലഭിച്ചവരുടെ കണക്കും ഈ നിയമത്തിൽ പറയുന്ന വ്യവസ്ഥകൾ അവർ പ്രായോഗികമായി നടപ്പിൽ വരുത്തുന്നതിന്റെ കണക്കും പരിശോധിച്ചാൽ അവ തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നുണ്ട്. വനാവകാശ നിയമത്തിന്റെ നടപ്പിലാക്കലുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങളാണ് ഈ വൈരുദ്ധ്യങ്ങൾക്ക് കാരണം. അതിനെക്കുറിച്ച് ഒരു വ്യക്തമായ ചിത്രം രൂപപ്പെടുത്തുന്നതിനും പരിഹാരമാർഗ്ഗങ്ങൾ തിരയുന്നതിനുമാണ് പശ്ചിമഘട്ട വേഴാമ്പൽ ഫൗണ്ടേഷന്റെ നേതൃത്വത്തിൽ നവംബർ 19, 20, 21 തീയതികളിൽ എറണാകുളത്ത് വച്ച് ദേശീയ സമ്മേളനവും തെളിവെടുപ്പും നടന്നത്. തെളിവെടുപ്പ് സമിതി ക്രോഡീകരിച്ച വിവരങ്ങളുടെ ചുരുക്കം വനാവകാശ നിയമത്തിന്റെ നടപ്പിലാക്കലുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ തരുന്നു. 2011 ലെ സെൻസസ് പ്രകാരം, കേരളത്തിലെ ആകെ ജനസംഖ്യയുടെ 1.45 ശതമാനം മാത്രമാണ് പട്ടിക വർഗ്ഗ വിഭാഗക്കാരുള്ളത്. 4762 അധിവാസകേന്ദ്രങ്ങളിൽ, 1,07,965 കുടുംബങ്ങളിലായി മൊത്തം 4,84,839 (2,38,203 പുരുഷന്മാരും 2,46,636 സ്ത്രീകളും) പേരാണുള്ളത്.

**വനാവകാശനിയമം: ലംഘനങ്ങളും അവകാശങ്ങളും**

2010–15 കാലയളവിൽ വയനാട് ജില്ലയിലെ പ്രാക്തന ഗോത്രവിഭാഗമായ കാട്ടുനായ്ക്കർ അവരുടെ അവകാശങ്ങൾ അംഗീകരിക്കാതെയും ഗ്രാമസഭയുടെ അംഗീകാരമില്ലാതെയും നിയമവിരുദ്ധമായി കുടിയിറക്കുകയുണ്ടായി. വനാവകാശം 2006 അനുവർത്തിക്കാതെയാണ് ഇത് നടന്നിരുന്നത്. (സെക്ഷൻ 4(2) ലംഘനം).

പ്രാക്തന ഗോത്രവിഭാഗത്തിന്റെയും അതികാർഷിക സമൂഹത്തിന്റെയും ഹാബിറ്റാറ്റ് റൈറ്റ് കേരളത്തിൽ നൽകിയിട്ടില്ല. തൃശ്ശൂർ ജില്ലയിലെ നാല് വില്ലേജുകളിൽ (മൊത്തം 8 വില്ലേജ്) കാടർ സമൂഹം സാമൂഹിക വനാവകാശ നിയമം കൈകാര്യം ചെയ്യുന്നുണ്ട്. പറമ്പികുളം ടൈഗർ റിസർവ്വ് ഉൾപ്പെട്ട പാലക്കാട് ജില്ലയിൽ, സാമൂഹിക വനാവകാശ നിയമം ഇപ്പോഴും അനിശ്ചിതത്വത്തിലാണ്.

പത്തനംതിട്ട, ഇടുക്കി ജില്ലയിലെ അതികാർഷിക സമൂഹമായ മലമ്പണ്ടാരം ആദിവാസി വിഭാഗങ്ങളെ സാമൂഹിക വനാവകാശത്തിന്റെ കീഴിലോ ഹാബിറ്റാറ്റ് റൈറ്റിലോ അംഗീകരിച്ചിട്ടില്ല.

579 ഊരുകൂട്ടങ്ങളോ ഗ്രാമസഭകളോ മാത്രമാണ് വനാവകാശ നിയമം 2006 പ്രകാരം ഇതുവരെ അവകാശങ്ങൾ നേടിയിട്ടുള്ളത്. (വ്യക്തിഗതാവകാശവും സാമൂഹികാവകാശവും പരിഗണിക്കുകയാണെങ്കിൽ, ഏകദേശം 2500 വാസസ്ഥലങ്ങളും 1500 ഗ്രാമസഭകളും വനാവകാശ നിയമത്തിന്റെ കീഴിൽ വരേണ്ടതാണ്).

കാസർഗോഡ് ജില്ലയിൽ വനാവകാശ നിയമപ്രകാരം ഗ്രാമസഭകളോ ഊരുകൂട്ടങ്ങളോ സർക്കാർ പട്ടികപ്പെടുത്തിയിട്ടില്ല (സെക്ഷൻ 24 ലംഘനം, കേരളസർക്കാർ).

വനാവകാശ കമ്മിറ്റികൾ പലയിടത്തും രൂപീകരിച്ചിട്ടുള്ളത് വിവിധ തലങ്ങളിലാണ്. (തിരുവനന്തപുരം, കൊല്ലം, കോഴിക്കോട് ജില്ലകളിൽ വാർഡ് സഭാതലത്തിൽ രൂപീകരിച്ചിരിക്കുന്നു). ശരിക്കും ഇത് ഗ്രാമസഭകളിലോ ഊരുകൂട്ടങ്ങളിലോ വെച്ചാണ് തെരഞ്ഞെടുക്കേണ്ടത് (സെക്ഷൻ 3 (1) ലംഘനം, സംസ്ഥാന ഏജൻസി).

വനാവകാശ നിയമം നടപ്പിലാക്കിയ സ്ഥലങ്ങളിൽ പോലും വിവിധ സർക്കാർ ഏജൻസികൾ ഇപ്പോഴും ഊരുക്കൂട്ടങ്ങളുടെ/ഗ്രാമസഭകളുടെ അധികാരം കവർന്നെടുത്തുകൊണ്ടിരിക്കുന്നു. ഉദാ. വനസംരക്ഷണ സമിതികൾ/സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകൾ. സംസ്ഥാന സർക്കാർ വനാവകാശത്തേയും വനാവകാശ ഗ്രാമസഭകളേയും പ്രോത്സാഹിപ്പിക്കുന്നില്ല. (സെക്ഷൻ 6 (എം) SDLC ലംഘനം, സെക്ഷൻ 8 (മ) DLC ലംഘനം).

സാമൂഹിക വനാവകാശം അംഗീകാരം: 327 എണ്ണം അംഗീകരിച്ചു. 155 എണ്ണം വിതരണം ചെയ്തു. വിവിധ ജില്ലാതല കമ്മിറ്റികളിൽ 172 എണ്ണം കെട്ടിക്കിടപ്പുണ്ട്. (2016, ഒക്ടോബർ, പട്ടികവർഗ്ഗ വകുപ്പ് രേഖകൾ പ്രകാരം).

വാഴച്ചാലിലെ മലക്കപ്പാറയിൽ (പ്രാക്തന ഗോത്രവിഭാഗമായ കാടർ വിഭാഗമുള്ള തൃശ്ശൂർ ജില്ലയിലെ സ്ഥലം) 40,000 ഹെക്ടർ വനഭൂമി 2012 ൽ സാമൂഹിക വനാവകാശ നിയമത്തിന് കീഴിൽ വന്നിട്ടുള്ളതാണ്. 2014 ൽ മലക്കപ്പാറ ഗ്രാമസഭയുടെ കീഴിൽ സാമൂഹിക വനാവകാശ നിർവ്വഹണകമ്മിറ്റി രൂപീകരിച്ചു. കൂടാതെ വനം വകുപ്പ്, കലക്ട്രേറ്റ് മറ്റു സർക്കാർ സംവിധാനങ്ങൾ എന്നിവയുടെ പിന്തുണയും ആവശ്യപ്പെട്ടിട്ടുണ്ട്. ■




വനാവകാശ നിയമത്തിന്റെ നടപ്പിലാക്കലുമായി ബന്ധപ്പെട്ട സ്ഥിതിവിവര റിപ്പോർട്ട് പ്രകാശനം ചെയ്യുന്നു